# മാർത്തോമ്മാ സഭയിലെ
# ഇടവകദിന
## സ്തോത്രശുശ്രൂഷയ്ക്കായുള്ള ഒരു ക്രമം

വില 10 രൂപ] [Price Rs. 10/-

Mar Thoma Sabha Publication

# മാർത്തോമ്മാ സഭയിലെ
# ഇടവകദിന
# സ്തോത്രശുശ്രൂഷയ്ക്കായുള്ള ഒരു ക്രമം

Printed at:
**Mar Thoma Press, Tiruvalla**
**2016**

# അവതാരിക

നമ്മുടെ എല്ലാ ഇടവകകളിലും ഇടവകദിനം നടത്ത ണമെന്നുള്ള ഉപദേശകല്പന പാലക്കുന്നത്തു തിരുമേനി യുടെ കാലത്തേ ഉണ്ടായിട്ടുള്ളതാണ്. ചില പള്ളിക്കാർ ഇത് നാമമാത്രമായിട്ടെങ്കിലും നടത്തുന്നുണ്ട്. പല പള്ളി ക്കാർ ഒന്നുമേ നടത്തുന്നില്ല.

ഇടവകദിന സ്തോത്രശുശ്രൂഷക്രമങ്ങൾ ചില അച്ചന്മാർ ഉണ്ടാക്കി ഓരോ പള്ളിയിൽ ഉപയോഗിക്കുക പതിവുണ്ട്. അതിൽ ചിലത് അടിസ്ഥാനപ്പെടുത്തി രചിച്ചിട്ടുള്ളതാണ് ഈ ക്രമം. ഇതു വാങ്ങി ഇതിലെ നിർദ്ദേശങ്ങളനുസരിച്ച് സ്തോത്രശുശ്രൂഷ നടത്തുന്നതുകൊള്ളാം. ഞായറാഴ്ച രാവിലെ നമസ്കാരത്തിലെ കൗമ്മായും, പ്രാരംഭ പ്രാർത്ഥ നയും കഴിഞ്ഞ് ഈ ക്രമം ഉപയോഗിക്കാം.

ഈ ക്രമം പരിഷ്കരിച്ച് അച്ചടിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും അഭിപ്രായങ്ങൾ ഉണ്ടെങ്കിൽ അത് സ്വീകാ ര്യമാണ്.

**യൂഹാനോൻ മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**

തിരുവല്ല
12-10-1968

# മാർത്തോമ്മാ സഭയിലെ
# ഇടവകദിനസ്തോത്ര
# ശുശ്രൂഷയ്ക്കായുള്ള ഒരു ക്രമം

പാട്ട്: ക്രി. കീ. 90. എല്ലാരും യേശുനാമത്തെ...

ക്രി. കീ. 22. സർവമാനുഷരെ പരന്നു...

കൗമ്മാ

## പ്രാരംഭപ്രാർത്ഥന

സകല നല്ല ദാനങ്ങളുടെയും ദിവ്യവരങ്ങളുടെയും ദാതാവും കാലങ്ങളെയും ചരിത്രങ്ങളെയും തന്റെ ദിവ്യ ഉദ്ദേശ്യനിവൃത്തിക്കായി ഉപയോഗിക്കുന്നവനുമായ ഞങ്ങളുടെ സ്വർഗ്ഗസ്ഥപിതാവേ, നിന്റെ ദിവ്യവിചാരണയിൻ പ്രകാരം ഞങ്ങളുടെ ഇടവകയെ കഴിഞ്ഞ വർഷങ്ങളായി കാരുണ്യപൂർവ്വം പരിപാലിച്ച് അഭിവൃദ്ധിപ്പെടുത്തിയതിനായി ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ഇടവകദിനം കൊണ്ടാടുന്ന ഈ അവസരത്തിൽ നന്ദിയുള്ള ഹൃദയങ്ങളോടുകൂടെ ഞങ്ങൾ നിന്നെ വാഴ്ത്തുകയും പുകഴ്ത്തുകയും ചെയ്യുന്നു.

നീ സാക്ഷാൽ പ്രകാശമാകുന്നു. ഞങ്ങളോ കൂരിരുളിൽ വസിക്കുന്നു. നീ സ്നേഹമാകുന്നു. ഞങ്ങളോ അസൂയാലുക്കളത്രെ. നീ പരിശുദ്ധനാകുന്നു. ഞങ്ങളോ അശുദ്ധരത്രെ. നിന്റെ പ്രകാശത്താൽ ഞങ്ങളെ പ്രകാശിപ്പിക്കയും നിന്റെ സ്നേഹത്താൽ ഞങ്ങളെ സ്നേഹമുള്ളവരാക്കുകയും നിന്റെ വിശുദ്ധിയാൽ ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്യണമേ. നിനക്കു സ്തുതി സ്തോത്രങ്ങൾ

കരേറ്റുന്നതിനും, അഭയയാചന കഴിക്കുന്നതിനുമായി തിരുമുമ്പാകെ അടുത്തുവന്നിരിക്കുന്നവരെ കരുണയോടെ കടാക്ഷിക്കേണമേ. യേശുവിന്റെ നാമത്തിൽ തന്നെ.

ജനം. ആമേൻ.

അല്ലെങ്കിൽ

ശുശ്രൂഷകൻ: ദൈവമായ കർത്താവേ, ഇന്നു തിരുസന്നിധിയിൽ ഒരുമനപ്പെട്ടു കൂടിവന്നിരിക്കുന്ന ഈ നിന്റെ ജനത്തെ നീ കടാക്ഷിക്കേണമേ. നിന്റെ ഇടവകയുടെ നാമത്തിൽ ഞങ്ങളെ അനുഗ്രഹിക്കയും, തിരുവുള്ളം ഞങ്ങളിൽ പ്രസാദിക്കയും, നിന്റെ ഐശ്വര്യങ്ങളുടെ ദാനത്താൽ ഞങ്ങളെ നിറെക്കയും ചെയ്യേണമേ. ഈ ഇടവകദിനം ആഘോഷിക്കുന്ന നിന്റെ മക്കളെ നീ സന്തോഷിപ്പിക്കേണമേ. ഞങ്ങളുടെ ചിന്തകളും, വാക്കുകളും, പ്രവർത്തനങ്ങളും തിരുനാമമഹത്വത്തിനും ഞങ്ങളുടെ ഇടവകയുടെ അനുഗ്രഹത്തിനും വളർച്ചയ്ക്കുമാക്കിത്തീർക്കേണമേ.

അനുഗ്രഹങ്ങൾ വളരെയുള്ളവനും, മനുഷ്യരെ സ്നേഹിക്കുന്നവനും, തന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും തന്റെ വലത്തുഭാഗത്തു എന്നും പ്രമോദങ്ങളും ഉള്ളവനും നീ മാത്രമാകയാൽ നിനക്കും നിന്റെ പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കുമാറാകട്ടെ.

ജ. ആമേൻ.

## അനുതാപത്തിന്റെ ഒരു പ്രാർത്ഥന

(എല്ലാവരും ഒരുമിച്ച് ചൊല്ലേണ്ടത്)

കരുണയിൽ സമ്പന്നനും-ദീർഘമായി ക്ഷമിക്കുന്നവനുമായ-ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ-സത്യമായി അനുതപിക്കുന്നവരെ-കൈക്കൊള്ളുമെന്നുള്ള നിന്റെ വാഗ്ദാനത്തിൽ ആശ്രയിച്ച്-ഞങ്ങളുടെ പാപങ്ങളും കുറ്റങ്ങളും, പിന്മാറ്റങ്ങളും-ഏറ്റുപറയുന്ന ഈ സമയത്ത് വാത്സല്യ



പിതാവിനെപ്പോലെ ഞങ്ങളോടു ക്ഷമിക്കേണമേ.

കർത്താവേ, ഞങ്ങളുടെയും, ഞങ്ങളുടെ പിതാക്കന്മാരുടെയും അകൃത്യങ്ങളും, കുറവുകളും, ഞങ്ങളോടോർക്കരുതേ. കർത്താവേ, ഞങ്ങളുടെ പാപങ്ങളെ-നിന്റെ കരുണയുടെ കടലിൽ താഴ്ത്തിക്കളകയും-നിന്റെ സ്നേഹത്തിന്റെ ജ്വാലയാൽ ദഹിപ്പിച്ചുകളയുകയും ചെയ്യേണമേ. കർത്താവേ, ഇനിമേൽ ഞങ്ങൾ-നീതിയോടും, സുബോധത്തോടും, ദൈവഭക്തിയോടും കൂടി ജീവിച്ചു-നിന്നെ പ്രസാദിപ്പിപ്പാൻ മ്ശിഹാമൂലം കൃപ ചെയ്യേണമേ.

ജ. ആമേൻ

## മഹത്വീകരണം

പ്രതിവാക്യം. നീ മഹത്വമുള്ളവനാകുന്നു.

പ. തന്റെ കല്പനയാൽ അന്ധകാരത്തിൽനിന്നും പ്രകാശത്തെ ഉളവാക്കിയവനായ ദൈവമേ.....

പ. ആകാശത്തെയും ഭൂമിയേയും മറ്റു സകല ഗോളങ്ങളെയും സൃഷ്ടിച്ചവനായ ദൈവമേ.....

പ. വിവേചനാശക്തിയും ധാർമ്മികബോധവും ദൈവവിശ്വാസവും ഉള്ളവരായി മനുഷ്യവർഗ്ഗത്തെ സൃഷ്ടിച്ചവനായ ദൈവമേ.....

പ. ഞങ്ങളുടെ ആഗ്രഹത്തിനും ചിന്തയ്ക്കും അപ്പുറമായി ഞങ്ങളുടെ ഇടവകയെ പരിപാലിക്കയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്ത ദൈവമേ.....

പ്രതിവാക്യം: ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.

പ. അവിടുത്തെ ദിവ്യവിചാരണയിൽ ഞങ്ങളുടെ ഈ ഇടവക രൂപംകൊള്ളുന്നതിന് ഇടയായതിനായി.....

പ. ഞങ്ങളുടെ പൂർവ്വപിതാക്കന്മാരായി ഈ ഇടവകയ്ക്കു നേതൃത്വം നൽകിയിട്ടുള്ള എല്ലാവർക്കായും, (പ്രത്യേകമായി.....)

പ. ഇടവകയ്ക്കു സുവിശേഷകാര്യങ്ങളിൽ പ്രകാശം ലഭിക്കുന്നതിന് തക്ക നേതാക്കളെ ഓരോ സമയത്തും അയച്ചുതന്നതിനായി....

പ. ഇടവകയിലെ സ്ഥാപനങ്ങൾക്കും, സൺഡേ സ്കൂൾ, സേവികാസംഘം, യുവജനസഖ്യം, ഇടവകമിഷൻ എന്നീ പ്രസ്ഥാനങ്ങൾക്കുമായി.....

അല്ലെങ്കിൽ

## സ്തുതിയുടെ ഒരു പ്രാർത്ഥന

ശുശ്രൂഷകൻ. ലംഘനം ക്ഷമിച്ചും, പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടമില്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. ദീർഘമായി ക്ഷമിക്കുന്നവനും, ദയ കാണിക്കുന്നവനുമായ ദൈവമേ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങൾ നിന്നെ പുകഴ്ത്തുന്നു. നിന്നെ ഞങ്ങൾ വന്ദിക്കയും ചെയ്യുന്നു. പാപികളോടു കരുണയുള്ളവനും പാപങ്ങളെ മോചിപ്പാൻ അധികാരമുള്ളവനും നീ മാത്രമാകയാൽ നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. കർത്താവേ പാപമോചനത്താലുള്ള സന്തോഷവും സമാധാനവും ഞങ്ങളുടെ ഹൃദയങ്ങളിൽ പകരേണമേ. നിന്റെ പ്രവൃത്തികൾ വലിയവയും, അത്ഭുതമേറിയവയുമായതുകൊണ്ട് എല്ലാനാവും നിന്റെ നാമത്തെ കീർത്തിക്കും.

ഹല്ലേലുയ്യാ - ഹല്ലേലുയ്യാ - ഹല്ലേലുയ്യാ

ജനം. ദൈവമേ-നിനക്കു സ്തുതി

(ഇപ്രകാരം മൂന്നു പ്രാവശ്യം ചൊല്ലിയശേഷം എല്ലാവരും-ഇരിക്കുന്നു)

ഒന്നാം പാഠം: യെശയ്യാ. 43:1-13

(അല്ലെങ്കിൽ സമയോചിതമായ വേറെ ഏതെങ്കിലും പാഠം.)

പാട്ട്. ക്രിസ്തീയ കീർത്തനങ്ങൾ 419 (ഇന്നെയോളം തുണച്ചോനെ.....)



സങ്കീർത്തനം വാക്യം പ്രതിവാക്യമായി ചൊല്ലുന്നു.

ശു. വരുവിൻ നാം യഹോവയ്ക്ക് ഉല്ലസിച്ചു ഘോഷിക്ക. നമ്മുടെ രക്ഷയുടെ പാറെക്ക് ആർപ്പിടുക.

ജ. നാം സ്തോത്രത്തോടെ അവന്റെ സന്നിധിയിൽ ചെല്ലുക. സങ്കീർത്തനങ്ങളോടെ അവനു ഘോഷിക്ക.

ശു. യഹോവ മഹാദൈവമല്ലോ, അവൻ സകല ദേവന്മാർക്കും മീതെ മഹാരാജാവുതന്നെ.

ജ. ഭൂമിയുടെ അധോഭാഗങ്ങൾ അവന്റെ കയ്യിൽ ആകുന്നു. പർവ്വതങ്ങളുടെ ശിഖരങ്ങളും അവനുള്ളവ.

ശു. സമുദ്രം അവനുള്ളത്. അവൻ അതിനെ ഉണ്ടാക്കി. കരയേയും അവന്റെ കൈകൾ മെനഞ്ഞിരിക്കുന്നു.

ജ. വരുവിൻ നാം വണങ്ങി നമസ്ക്കരിക്ക. നമ്മെ നിർമ്മിച്ച യഹോവയുടെ മുമ്പിൽ മുട്ടു കുത്തുക.

ശു. അവൻ നമ്മുടെ ദൈവമാകുന്നു. നാമോ അവൻ മേയിക്കുന്ന ആടുകളും തന്നെ.

ജ. സകല ഭൂവാസികളുമായുള്ളോരേ, യഹോവയ്ക്കു ആർപ്പിടുവിൻ; സന്തോഷത്തോടെ യഹോവയെ സേവിപ്പിൻ, സംഗീതത്തോടെ അവന്റെ സന്നിധിയിൽ വരുവിൻ.

ശു. അവന്റെ വാതിലുകളിൽ സ്തോത്രത്തോടും അവന്റെ പ്രാകാരങ്ങളിൽ സ്തുതിയോടും കൂടെ വരുവിൻ. അവനു സ്തോത്രം ചെയ്ത് അവന്റെ നാമത്തെ വാഴ്ത്തുവിൻ.

ജ. യഹോവ നല്ലവനല്ലോ. അവന്റെ ദയ എന്നേക്കുമുള്ളത്. അവന്റെ വിശ്വസ്തത തലമുറ തലമുറയോളം ഇരിക്കുന്നു.

ശു. അവന്റെ വചനത്തിന്റെ ശബ്ദം കേട്ട് അവന്റെ ആജ്ഞ അനുസരിക്കുന്ന വീരന്മാരായി അവന്റെ ദൂതന്മാരായുള്ളോരേ, യഹോവയെ വാഴ്ത്തുവിൻ.

ജ. അവന്റെ ഇഷ്ടം ചെയ്യുന്ന ശുശ്രൂഷകരായി അവന്റെ സകല സൈന്യങ്ങളുമായുള്ളോരേ യഹോവയെ വാഴ്ത്തുവിൻ.

ശു. അവന്റെ ആധിപത്യത്തിലെ സകല സ്ഥലങ്ങളിലുമുള്ള അവന്റെ സകല പ്രവൃത്തികളുമേ, യഹോവയെ വാഴ്ത്തുവിൻ

ജ. എൻമനമേ, യഹോവയെ വാഴ്ത്തുക-ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു-ബാറെക്മാർ

(നന്ദിയുടെയും സ്തോത്രത്തിന്റെയും ഒരു പ്രാർത്ഥന)

ശു. സ്വർഗ്ഗസ്ഥപിതാവേ, ഞങ്ങൾ അയോഗ്യരായിരുന്നിട്ടും, നിന്റെ എല്ലാ കൃപകളും ധാരാളമായി അനുഭവിച്ചുകൊള്ളുവാൻ ചൊരിഞ്ഞുതരുന്നുവല്ലോ. നിന്റെ വിവിധ ദാനങ്ങളോടുകൂടെ നന്ദിയുള്ളോരു ഹൃദയമെന്ന ദാനവും ഞങ്ങൾക്കു നൽകേണമേ. ഞങ്ങൾ നിന്നെ മറന്നുകളയുന്നു-നീയോ ഞങ്ങളെ മറക്കുന്നില്ല. ഞങ്ങൾ നന്ദിഹീനരാകുന്നു. നീയോ നിന്റെ ദാനങ്ങളൊന്നും ഞങ്ങൾക്കു മുടക്കുന്നില്ല. ഞങ്ങൾ അവിശ്വസ്തരായിരുന്നാലും നീ വിശ്വസ്തനായി പാർക്കുന്നു. നീ മുറ്റും വെളിച്ചമാകുന്നു. ഞങ്ങളോ ഇരുളത്രെ. ഞങ്ങൾ അനുസരിക്കാത്തവർ, നീയോ ദീർഘക്ഷമയുള്ള പിതാവ്. ഞങ്ങൾക്ക് സ്നേഹമില്ല, നീയോ ശത്രുക്കളെ സ്നേഹിക്കുന്ന ദൈവം, സ്നേഹമുള്ള പിതാവ്. നിന്റെ അനവധി കൃപകൾക്ക് മതിയാകുംവിധം നിന്നെ സ്തുതിപ്പാൻ ഞങ്ങൾ അയോഗ്യരെങ്കിലും ആദ്യം നിന്നെയും നിന്റെ രാജ്യത്തെയും അന്വേഷിപ്പാനും, അതോടുകൂടെ സകലവും തരുന്ന ദൈവത്തിൽ വിശ്വസിപ്പാനും ഞങ്ങൾക്കു കൃപയരുളേണമേ.

ജ. ആമേൻ.



## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച്.....

ജ. അനുഗ്രഹിക്കുന്നവനായ....

പ. സ്തുതിയും സ്തോത്രവും...

"സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട്" എന്ന് ആദിമ ശിഷ്യന്മാരോടു കല്പിച്ചവനായ ഞങ്ങളുടെ മ്ശിഹാ തമ്പുരാനേ, ഈ ഇടവകദിന സ്തോത്രശുശ്രൂഷ നടത്തുന്ന ഈ അവസരത്തിലും ഞങ്ങളുടെ ശിഷ്ടമുള്ള ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും സ്തോത്രവും വന്ദനവും നിനക്ക് യോഗ്യമായിരിക്കുന്നു.

ജ. ആമേൻ.

### സെദറാ

ഉയിർത്തെഴുന്നേല്പിന്റെ ജീവകരമായ സുവിശേഷം തന്റെ മക്കളിൽ നിലനിർത്തി ഉറപ്പിക്കുന്നതിനും, അതു ലോകത്തിനറിയിപ്പാനുമായി വ്യക്തികളായും കൂട്ടമായും ആജ്ഞകൊടുത്ത ദൈവമേ, ഞങ്ങളുടെ ഇടവകയുടെ സ്ഥാപനയിൽ നിനക്കുള്ള ദിവ്യ ഉദ്ദേശ്യത്തിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഇതിന്റെ പ്രാരംഭസമയത്ത് ഒരു ചെറിയ കൂട്ടമായിരുന്നപ്പോൾ "ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടേണ്ട" എന്നരുളിച്ചെയ്ത് അതിന്റെ പ്രവർത്തകരെ ധൈര്യപ്പെടുത്തുകയും അതിന്റെ വിപുല ശുശ്രൂഷാ പദ്ധതികൾക്കു വാതിൽ തുറന്ന് അതിനെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തുവല്ലോ. കാലാകാലങ്ങളിൽ ഈ ഇട

വകയ്ക്ക് തക്ക നേതാക്കന്മാരെയും, ഇടവകയിൽ സേവനം അനുഷ്ഠിക്കുന്നതിന് തക്ക പട്ടക്കാരെയും തന്നിട്ടുള്ള വൻകൃപയോർത്തു ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. ഇപ്പോൾ ഞങ്ങളുടെ ഇടവകയേയും അതിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാ കുടുംബങ്ങളേയും തിരുമുമ്പാകെ സമർപ്പിക്കുന്നു. തിരുസഭയിൽ നിത്യസമാധാനം വർദ്ധിപ്പിക്കേണമേ. അതിലെ ഇടയന്മാർക്ക് ഉണർച്ചയും, ഭരണക്കാർക്ക് താഴ്മയും നേതൃത്വവും വിവിധ തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവർക്ക് വിശ്വസ്തതയും, ഉത്സാഹവും പാപികൾക്ക് അനുതാപവും നൽകേണമേ. ഞങ്ങൾ നിനക്കും....

ജ. ആമേൻ.

(അതിന്റെ ശേഷം കുക്കായാ ഗീതം)

സർവ്വേശ്വരനാം കർത്താവേ ......

(ദൈവവചനത്തെക്കുറിച്ചുള്ള ഒരു ധ്യാനം)

ശു. യഹോവയുടെ ന്യായപ്രമാണം തികവുള്ളത്. അതു പ്രാണനെ തണുപ്പിക്കുന്നു.

ജ. യഹോവയുടെ സാക്ഷ്യം വിശ്വാസ്യമായത്-അത് അല്പബുദ്ധിയെ ജ്ഞാനിയാക്കുന്നു.

ശു. യഹോവയുടെ ആജ്ഞകൾ നേരുള്ളവ; അവ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു.

ജ. യഹോവയുടെ കല്പനകൾ നിർമ്മലമായത്, അതു കണ്ണുകളെ പ്രകാശിപ്പിക്കുന്നു.

ശു. യഹോവയുടെ വിധികൾ സത്യമായവ. അവ ഒട്ടൊഴിയാതെ നീതിയുള്ളവയാകുന്നു.

ജ. അവ പൊന്നിലും വളരെ തങ്കത്തിലും ആഗ്രഹിക്കത്തക്കവ, തേനിലും തേങ്കട്ടയിലും മധുരമുള്ളവ.

ശു. അടിയനും അതിനാൽ പ്രബോധനം ലഭിക്കുന്നു.



ആയതുകൊണ്ട് യഹോവേ, നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന് എന്റെ കണ്ണുകളെ തുറക്കേണമേ-ആമേൻ.

(എല്ലാവരും ഇരിക്കുന്നു)

രണ്ടാം പാഠം. ഫിലി. 2:1-18.

(അതിന്റെശേഷം എല്ലാവരും എഴുന്നേൽക്കുന്നു)

(മദ്ധ്യസ്ഥപ്രാർത്ഥനകൾ)

(ക്രിസ്തീയ സഭയ്ക്കുവേണ്ടിയുള്ള ഒരു പ്രാർത്ഥന)

ശു. ആടുകളുടെ വലിയ ഇടയനായ ഞങ്ങളുടെ കർത്താവേ, തിരുരക്തംകൊണ്ടു വീണ്ടെടുത്ത നിന്റെ സഭയ്ക്കുവേണ്ടി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്തു നിന്നോടു പ്രാർത്ഥിക്കുന്നു. അതിൽ നീ ആക്കിവച്ചിട്ടുള്ള എല്ലാ ഇടയന്മാരെയും നിന്റെ ജ്ഞാനംകൊണ്ടും കൃപകൊണ്ടും നിറക്കേണമേ. അവരുടെ വിചാരണയിൽ നീ കൊടുത്തിട്ടുള്ള ആടുകളുടെ കൂട്ടത്തെ നിന്റെ പുൽപ്പുറങ്ങളിൽ മേയ്പാനും നിന്റെ ജീവന്റെ നീർച്ചാലുകളിൽ കുടിപ്പിപ്പാനും നിന്റെ ഊടുവഴികളെ അവർക്ക് കാണിക്കേണമേ. മ്ശിഹാനിമിത്തം ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ-ആമേൻ

(ഇടവകയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന)

ശു. ദൈവമേ, നിന്റെ ദിവ്യവിചാരണയിൽ നീ സ്ഥാപിച്ച ഈ ഇടവകയെ തിരുസന്നിധിയിൽ ഓർത്തു ഞങ്ങൾ പ്രാർത്ഥിക്കുന്നു. സത്യസുവിശേഷവെളിച്ചത്തിൽകൂടെ ഞങ്ങളുടെ പിതാക്കന്മാരെ വഴിനടത്തിയവനെ, അവരുടെ നല്ല കാൽചുവടുകളെ പിന്തുടരുവാനും, മലമേൽ സ്ഥാപിക്കപ്പെട്ട വിളക്കുപോലെ പ്രകാശിപ്പാനും ഞങ്ങൾക്ക് കൃപയരുളേണമേ. ഇതിലെ എല്ലാ ഭവനങ്ങളിലും നിന്റെ ദിവ്യസമാധാനം വാഴുമാറാകേണമേ.

കർത്താവേ, ഞങ്ങളുടെ വൃദ്ധന്മാരെ താങ്ങേണമേ. ഞങ്ങളുടെ യുവജനങ്ങളെ വിനയവും, വിശുദ്ധിയും, ആത്മ ധൈര്യവും ഉള്ളവരാക്കേണമേ. ഞങ്ങളുടെ സ്ത്രീകളെ സൗമ്യതയും, ശാന്തതയുമായ അക്ഷയഭൂഷണത്താൽ അലങ്കരിക്കേണമേ. ഞങ്ങളുടെ പൈതങ്ങൾ ദൈവകൃപ യിലും മനുഷ്യരുടെ പ്രീതിയിലും വളർന്നുവരേണമേ. വിധ വമാരെ നീ സംരക്ഷിക്കേണമേ. കന്യാവ്രതക്കാരെ കാത്തു കൊള്ളേണമേ. ദരിദ്രന്മാർക്കു നിന്റെ ശ്രീഭണ്ഡാരത്തെ തുറന്നുകൊടുക്കേണമേ. രോഗികൾക്കു സൗഖ്യവും, പാപി കൾക്കു മോചനവും നൽകേണമേ. കർത്താവേ ഞങ്ങ ളുടെ സഹോദരസഹോദരികളും, സ്നേഹിതരുമായി ഈ ഇടവകയുടെ സന്താനങ്ങളുമായ എല്ലാ ദൂരസ്ഥരെയും ഞങ്ങളോടൊന്നിച്ച് അനുഗ്രഹിക്കേണമേ.

ഞങ്ങളുടെ കൃഷിയും, കച്ചവടങ്ങളും, വ്യവസായങ്ങ ളും, ഉദ്യോഗസ്ഥാനങ്ങളും, മറ്റു വിവിധ തൊഴിലുകളും നിന്നാൽ അനുഗ്രഹിക്കപ്പെടുമാറാകേണമേ. ഞങ്ങളെ സ്നേഹിക്കുന്ന പിതാവു നീയാകയാൽ നിന്റെ അവകാ ശികളും മക്കളുമായ ഞങ്ങൾ നിനക്ക് സ്തുതിയും സ്തോ ത്രവും കരേറ്റും-ആമേൻ.

(വിവിധ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥന)

ശു. കർത്താവേ, ഞങ്ങൾ ബലഹീനരും അവിശ്വസ്ത രുമെങ്കിലും നിന്റെ മുന്തിരിത്തോട്ടത്തിൽ വിവിധ വേല കൾക്കായി നീ ഞങ്ങളെ വിളിച്ചിരിക്കുന്നുവല്ലോ. ഞങ്ങ ളുടെ ബലഹീനതകളെ പോക്കി ഞങ്ങളെ ശക്തിപ്പെടു ത്തുകയും വിളിക്കു യോഗ്യമായ വിശ്വസ്തത ഞങ്ങൾക്ക് നൽകുകയും ചെയ്യേണമേ.

ദൈവമേ ഞങ്ങളുടെ സഭയിൽ പൊതുവേയും പ്രത്യേ കമായി ഞങ്ങളുടെ ഇടവകയിലും നടത്തപ്പെടുന്ന സൺഡേസ്ക്കൂൾ, സ്ത്രീജനസേവികാസംഘം, സന്നദ്ധ സംഘം, യുവതീയുവാക്കളുടെ സഖ്യം, പ്രാർത്ഥനാകൂട്ട ങ്ങൾ, സാക്ഷ്യയോഗങ്ങൾ മുതലായ എല്ലാ പ്രവർത്തന



ങ്ങളെയും നീ വാഴ്ത്തേണമേ. ഇവയുടെ പേരിൽ ഞങ്ങൾ പുകഴ്ന്നവരും തൃപ്തിയടയുന്നവരുമായി തീരാതെ ക്രിയ യിലും ആത്മാവിലും നാൾക്കുനാൾ വർദ്ധിച്ചുവരുന്നവ രായിരിപ്പാൻ മ്ശിഹാ നിമിത്തം സഹായിക്കേണമേ- ആമേൻ.

(ഇടവകയിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള അച്ചന്മാരെയും, സുവിശേഷകന്മാരെയും പേരുപറഞ്ഞ് അവരുടെ സേവനത്തി നുവേണ്ടി സ്തോത്രം ചെയ്യണം. മൗനമായി പ്രാർത്ഥിക്കാം)

ഒരു പ്രാർത്ഥന

ശു. കരുണയുള്ള കർത്താവേ, നിനക്ക് യോഗ്യമായിരി ക്കുന്ന പ്രകാരം നിന്നെ സേവിപ്പാൻ ഞങ്ങളെ പഠിപ്പിക്കേ ണമേ. കണക്കു നോക്കാതെ കൊടുപ്പാനും, മുറിവുകളെ ഗണ്യമാക്കാതെ പോരാടുവാനും, വിശ്രമത്തിനായി കാംക്ഷി ക്കാതെ അദ്ധ്വാനിപ്പാനും ഞങ്ങൾ തിരുവിഷ്ടം ചെയ്യുന്നു എന്നറിയുന്നതൊഴികെ മറ്റൊരു പ്രതിഫലവും ഇച്ഛിക്കാതെ പ്രയത്നിപ്പാനും ഞങ്ങൾക്ക് വ്യക്തികളായും കൂട്ടമായും സഹായിക്കണമെന്ന് യേശുമ്ശിഹാ നിമിത്തം അപേക്ഷി ക്കുന്നു-ആമേൻ.

അതിന്റെശേഷം വിശ്വാസപ്രമാണം

(എല്ലാവരും ഇരിക്കുന്നു)

പ്രസംഗം

പ്രസംഗത്തിനുശേഷം എല്ലാവരും എഴുന്നേറ്റുനിന്നു പാട്ടുപാടി ക്കൊണ്ടിരിക്കുമ്പോൾ ഓരോരുത്തരായി മുമ്പോട്ടുവന്ന് സ്തോത്ര കാഴ്ച സമർപ്പിച്ച്, കയ്യസൂരി വാങ്ങി പഴയസ്ഥാനത്ത് പോയി ഇരി ക്കുന്നു.

പിന്നീട് എല്ലാവരും എഴുന്നേറ്റ് നിൽക്കുകയും പ്രാർ ത്ഥിക്കുകയും ചെയ്യുന്നു.

ഹൂത്താമ്മാ

സത്യവിശ്വാസികൾക്ക് ............................

ആശീർവ്വാദം

## ഇടവകദിന സ്തോത്രശുശ്രൂഷയ്ക്കുള്ള വേറൊരു ക്രമം

1. കൗമ്മാ

2. പ്രാരംഭപ്രാർത്ഥന

യുഗങ്ങൾക്കു മുന്നമേ ആയിരുന്നവനും, ഇല്ലായ്മയിൽനിന്നു സകലത്തെയും ഉണ്മയിലേക്ക് കൊണ്ടുവന്നവനുമായ ദൈവമേ, തിരുമുമ്പാകെ തലമുറകൾ ഉയരുകയും ഇല്ലായ്മയിലേക്ക് പോവുകയും ചെയ്യുന്നു. യുഗങ്ങൾതോറും നിന്നിൽ ആശ്രയിക്കുന്നവർ നീ വിശ്വസ്തൻ എന്ന് അനുഭവിച്ചറിയുന്നു. ഞങ്ങളുടെ പിതാക്കന്മാർ നിന്നിൽ ശരണപ്പെട്ടു. നീ അവരെ അത്ഭുതകരമായി നടത്തി. ദൈവമായ കർത്താവേ, ഈ തലമുറയിൽ ഞങ്ങൾക്കും പകൽ മേഘത്തൂണും രാത്രി അഗ്നിത്തൂണും നീ ആയിരിക്കേണമേ. ഇന്നേദിവസം ഞങ്ങളുടെ ഇടവകദിന ആഘോഷത്തിന്റെ ഈ അവസരത്തിൽ സ്തോത്രശുശ്രൂഷയ്ക്കായി വന്നുകൂടിയിരിക്കുന്ന ഞങ്ങളെ കൃപയോടെ കടാക്ഷിക്കേണമേ. ഈ ഇടവകയ്ക്ക് നിങ്കൽനിന്നു ലഭിച്ചിട്ടുള്ള പ്രത്യേക നൽവരങ്ങൾ ഓർത്തു ഞങ്ങൾ നന്ദിയോടെ കഴിക്കുന്ന സ്തുതി സ്തോത്രങ്ങളെ കൈക്കൊള്ളുകയും ഞങ്ങളുടെ ധ്യാനങ്ങളെ ഞങ്ങൾക്ക് അനുഗ്രഹമാക്കുകയും ചെയ്യേണമേ-ആമേൻ.

3. അനുതാപത്തിന്റെ ലുത്തിനിയാ

(പ്രതിവാക്യം-കൃപയുള്ള കർത്താവേ, ഞങ്ങളോടു ക്ഷമിക്കേണമേ)

പൂർവ്വകാലത്തിലെ ഞങ്ങളുടെ പാപസ്വഭാവത്തെയും നിന്റെ വിളിയെ വകവയ്ക്കാഞ്ഞതിൽ ഞങ്ങളിൽ വന്നുപോയ അനുസരണക്കേടിനെയും അവിശ്വസ്തതയെയും....



നന്മയിൽനിന്നു ഞങ്ങളുടെ ഹൃദയങ്ങളെ അകറ്റുകയും സ്വർഗ്ഗീയ കാര്യങ്ങളെ കാൺമാൻ വഹിയാതെവണ്ണം ഞങ്ങളുടെ കണ്ണുകളെ അന്ധതപ്പെടുത്തുകയും ചെയ്ത എല്ലാ ഇഹലോകചിന്തകളെയും ജഡമോഹങ്ങളെയും...

ഉപദ്രവവും അന്യായവും സഹിക്കുന്നതിനു ഞങ്ങൾക്കുള്ള ക്ഷമയില്ലായ്മയും, പ്രതിക്രിയ ചെയ്യുന്നതിനു ഞങ്ങളിൽ വന്നുപോയിട്ടുള്ള ആഗ്രഹങ്ങളെയും...

ഞങ്ങളുടെ എല്ലാ അനീതിയെയും സ്നേഹമില്ലായ്മയെയും അന്യാഭിപ്രായനിന്ദയെയും.....

സാമൂഹ്യയിടപാടുകളിൽ ഞങ്ങളിൽ വന്നുപോയിട്ടുള്ള നിർവിചാരത്വത്തെയും കോപസ്വഭാവത്തെയും ദയയില്ലായ്മയെയും അന്യരെ കുറ്റം വിധിക്കുന്നതിലുള്ള ആസക്തിയെയും....

നിന്റെ സ്നേഹത്തെയും വിശുദ്ധിയെയും പറ്റി ഞങ്ങളിൽ വന്നുപോയിട്ടുള്ള അയോഗ്യമായ സംശയങ്ങളെയും, ഞങ്ങളുടെ മുറകളെ ഞങ്ങൾ മറക്കുകയും വിശ്വാസം ത്യജിക്കുകയും പരീക്ഷയ്ക്ക് കീഴ്പ്പെടുകയും ചെയ്ത എല്ലാ അവസരങ്ങളെയും...

ഞങ്ങളുടെ ചുറ്റുമുള്ളവർ കഷ്ടതയും പ്രയാസവും സഹിക്കുമ്പോൾ ഞങ്ങൾ സുഖത്തിൽ മാത്രം രസിച്ചിരുന്നതിനെയും, അന്യരുടെ ആവശ്യങ്ങൾ വിചാരിക്കുവാൻ സമ്മതിക്കാതെ ഞങ്ങളുടെ ഹൃദയമിടുക്കത്തെയും സാഹോദര്യമില്ലായ്മയെയും....

4. അനുതാപത്തിന്റെ പ്രാർത്ഥന

(എല്ലാവരും ചേർന്ന്)

സർവ്വശക്തനും നിത്യനുമായ ദൈവമേ, സ്വസൃഷ്ടിയെ വെറുക്കാത്തവനും-അനുതാപികളുടെ പാപങ്ങളെ ക്ഷമിക്കുന്നവനും-നീ ആകുന്നുവല്ലോ. ഞങ്ങൾ ഏറ്റുപറഞ്ഞിട്ടുള്ള പാപങ്ങളെ ക്ഷമിച്ച് ഞങ്ങളുടെ ഹൃദയങ്ങളെ പുതു

ക്കേണമേ. കർത്താവേ- ഈ ഇടവകയിൽ നീ ഞങ്ങൾക്കു തന്ന അവസരങ്ങളെയും പദവികളെയും- വേണ്ടപ്രകാരം ഞങ്ങൾ ഉപയോഗിക്കാതെപോയിട്ടുള്ളത് സങ്കടപൂർവ്വം ഏറ്റുപറയുന്നു. ഞങ്ങൾ ഇനിമേൽ-കൂടുതൽ വിശ്വസ്തതയോടെ നിന്നെ സേവിപ്പാനും-ഈ നിന്റെ ഇടവകയിലെ ഞങ്ങളുടെ അംഗത്വത്തെ ഞങ്ങൾക്കും മറ്റുള്ളവർക്കും പ്രയോജനകരമായി ഉപയോഗിപ്പാനും-നീ കാണിച്ചുതരുന്ന വഴിയിൽകൂടെ-ഞങ്ങളുടെ ജീവിതയാത്ര നിർവഹിപ്പാനും എല്ലാ കാര്യങ്ങളിലും നിന്നോടു നന്ദിയുള്ളവരായിരിപ്പാനും-ഞങ്ങളെ സഹായിക്കണമെന്നു-മ്ശിഹാ നിമിത്തം ഞങ്ങൾ അപേക്ഷിച്ചുകൊള്ളുന്നു.

ജ. ആമേൻ.

**5. പാഠം വായന**

**6. സ്തോത്രത്തിന്റെ മസുമൂർ**

(136-ാം സങ്കീ.)

(പ്രതിവാക്യം: അവന്റെ ദയ എന്നേക്കും ഉള്ളത്)

**7. സ്ത്രോത്രത്തിന്റെ ലുത്തിനിയാ**

(പ്രതിവാക്യം: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു)

കർത്താവേ, ഞങ്ങളുടെ ഈ ഇടവകയ്ക്കായും അതിന്റെ എല്ലാ പ്രവർത്തനങ്ങൾക്കായും.....

ഈ ഇടവകയുടെ പ്രാരംഭപ്രവർത്തകർക്കായും അവരുടെ എല്ലാ നിസ്വാർത്ഥസേവനങ്ങൾക്കായും.....

ഈ ദേവാലയം പണിയിക്കുന്നതിനു യത്നിച്ചിട്ടുള്ളവർക്കായും, അതിനു ധനസഹായം ചെയ്തിട്ടുള്ളവർക്കായും....

കഴിഞ്ഞ വർഷങ്ങളിൽ ഈ ഇടവകയെ പുലർത്തി, വിവിധ സേവനങ്ങൾക്കായി അതിനെ ഉപയോഗിച്ചിട്ടുള്ള നിന്റെ കൃപകൾക്കായി...



ഓരോ കാലഘട്ടത്തിലും തക്ക ചുമതലക്കാരെ ഞങ്ങൾക്കു തന്നതിനായും അവരുടെ മഹത്തായ സേവനങ്ങൾക്കായും...

ഇന്നേദിവസം പ്രത്യേക കൂട്ടമായി ചേർന്നു നിനക്കു സ്തോത്രം ചെയ്യുന്നതിനും ഒരുമിച്ചു സന്തോഷിക്കുന്നതിനും, തന്നിരിക്കുന്ന ഈ അവസരത്തിനുവേണ്ടി

**8. സ്തോത്രപ്രാർത്ഥന**

പരമപിതാവേ, വിശുദ്ധന്മാരിൽ ഒരുവനായ മാർത്തോമ്മാ ശ്ലീഹായെ മലങ്കരയിലേക്ക് നീ അയയ്ക്കുകയും നിന്നെ അറിയാതെ വഴിതെറ്റിപ്പോയിരുന്ന ഞങ്ങളുടെ പൂർവ്വികന്മാർക്കു നിന്റെ രക്ഷയുടെ സുവിശേഷം അറിയിച്ചു ജീവന്റെ നേർവഴിക്ക് അവരെ തിരിപ്പിച്ചു നിങ്കലേക്ക് അടുപ്പിക്കയും, അങ്ങനെ നിന്റെ വിശുദ്ധകാതോലിക സഭയുടെ ശാഖയെ മലങ്കരയിൽ സ്ഥാപിക്കയും ചെയ്ത നിന്റെ മഹാകരുണയ്ക്കായി ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. കർത്താവേ, ഞങ്ങൾ ഉൾപ്പെട്ടിരിക്കുന്ന മാർത്തോമ്മാ സുറിയാനി സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു. സ്നേഹവും സമാധാനവും ഐകമത്യവും അതിൽ വാഴുമാറാക്കി. ഈ സഭയെ ഭാരതഭൂമി ഒട്ടുക്കു ജ്വലിച്ചു പ്രകാശിക്കുന്ന വിളക്കായി നിർത്തിക്കൊള്ളേണമേ. ഈ ഇടവകയുടെ ആരംഭത്തിനുവേണ്ടിയും വളർച്ചയ്ക്കുവേണ്ടിയും ഓരോ ഘട്ടത്തിലും അത്യദ്ധ്വാനം ചെയ്യുകയും ത്യാഗപൂർവ്വമായി പണസഹായം നൽകുകയും ചെയ്തിട്ടുള്ള എല്ലാവർക്കുവേണ്ടിയും വിശിഷ്യാ ഈ ഇടവകയുടെ ചുമതല വഹിച്ചിട്ടുള്ള പട്ടക്കാർക്കും ട്രസ്റ്റിമാർക്കും, കമ്മിറ്റി അംഗങ്ങൾക്കും വേണ്ടിയും സൺഡേസ്കൂൾ, സേവികാസംഘം, യുവജനസഖ്യം, ഇടവകമിഷൻ, ഗായകസംഘം മുതലായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കു നേതൃത്വവും ഉത്തേജനവും നൽകി

യിട്ടുള്ള എല്ലാവർക്കുംവേണ്ടിയും ഞങ്ങൾ തിരുനാമത്തിന് സ്തോത്രം ചെയ്യുന്നു. ഇപ്പോൾ ചുമതലകൾ നിർവഹിച്ചുകൊണ്ടിരിക്കുന്ന എല്ലാവർക്കുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഈ സ്ഥലത്തും പരിസരങ്ങളിലും സുവിശേഷവെളിച്ചം വീശുവാൻ മതിയായവിധം കത്തിജ്വലിക്കുന്ന ദീപമായിരിപ്പാൻ ഞങ്ങളുടെ ഇടവകയെ അനുഗ്രഹിക്കേണമേ.

ദൈവമായ കർത്താവേ, വിശുദ്ധ കാതോലിക സഭയുടെ ശാഖയായ മാർത്തോമ്മാ സുറിയാനി സഭയ്ക്കുവേണ്ടിയും സഭയിലെ എല്ലാ ജനങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു. കൃഷി, കച്ചവടം, കൈത്തൊഴിൽ, വ്യവസായം, ഓരോ ഉദ്യോഗങ്ങൾ ഇങ്ങനെ ഓരോ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സ്ത്രീ-പുരുഷന്മാരെയും ഓർത്ത് പ്രാർത്ഥിക്കുന്നു. ഇന്നു ഞങ്ങളെ ഭരിക്കുന്ന ഞങ്ങളുടെ പിതാവായ മെത്രാപ്പോലീത്താ തിരുമേനിക്കുവേണ്ടിയും ഞങ്ങളുടെ പിതാക്കന്മാരായ എപ്പിസ്കോപ്പാ തിരുമേനിമാർക്കുവേണ്ടിയും, കശ്ശീശന്മാർ, ശെമ്മാശന്മാർ മുതലായവർക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. സഭയിലെ വിവിധ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിക്കുന്നവരെയും ഓർക്കുന്നു. നിന്റെ തിരുസഭയുടെ ശുശ്രൂഷയിൽ ആവശ്യമായ കൃപകൾ അവരുടെമേൽ പകരുകയും അവരെ ശക്തിപ്പെടുത്തുകയും ചെയ്യേണമേ.

യേശുമ്ശിഹാ നിമിത്തം ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ. ആമേൻ.

**9. ഹൂത്താമ്മാ**

സത്യവിശ്വാസികൾക്കു ബലമുള്ള....

**10. ആശീർവ്വാദം.**